LIBRARY ARCHIVES Kerala Legislative Assembly

സയൻസ് ടെക്നോളജി ആന്റ് എൻവയൺമെന്റ് ഡിപ്പാർട്ട്മെന്റിൽ ഡയറക്കടറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത

18 [T3069] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള സംസ്ഥാന സയൻസ് ടെക്നോളജി ആന്റ് എൻവയൺമെന്റ് വകുപ്പിന്റെ ഡയറക്ടർ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ഡയറക്ടർക്ക് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഉണ്ടെന്നു കരുതുന്നുണ്ടോ;

(സി) ഇപ്പോൾ ഡയറക്ടറുടെ ചുമതല വഹിക്കുന്ന ആളുടെ പേരിൽ മുമ്പ് വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ആവശ്യമായ യോഗ്യതയുള്ള ഒരു മുഴുവൻ സമയ ഡയറക്ടറെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ നടപടികൾ ഏതു വരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏതെങ്കിലും സയൻസ് വിഷയത്തിൽ ഡോക്ടറേറ്റോ, എൻജിനീയറിംഗിൽ ബിരുദാനന്തര ബിരുദമോ, ഉണ്ടായിരിക്കണം. ഡോക്ടറേറ്റോ എൻജിനീയറിംഗിൽ ബിരുദാനന്തര ബിരുദമോ, സമ്പാദിച്ചശേഷം ഇരുപത് വർഷത്തെ ആ മേഖലയിലെ പ്രവൃത്തി പരിചയം വേണം. അതിൽ പത്തു വർഷം ഗവേഷണത്തിലോ, അദ്ധ്യാപനത്തിലോ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. കൂടാതെ അഞ്ചുവർഷം ഏതെങ്കിലും വകുപ്പിലോ സ്ഥാപനത്തിലോ റിസർച്ച് സൊസൈറ്റിയിലോ ഭരണ പരിചയം ഉണ്ടാകണം. സർക്കാർ തലത്തിലുള്ള സ്ഥാപനങ്ങളിലെ ഭരണ പരിചയം അഭിലഷണീയം. അപേക്ഷകർ 55 വയസ്സിൽ താഴെ പ്രായമുള്ളവരായിരിക്കണം.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പുതിയ ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ

19 [3070] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിൽ പുതുതായി ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ശാസ്ത്രശാഖയുടെ സെന്ററുകൾ, എവിടെയെല്ലാം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരത്ത് പുതിയ ശാസ്ത്ര ശാഖയായ നാനോ ടെക്നോളജിയുടെ ഒരു സെന്റർ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?